# കേരളസർവകലാശാല

നം.പി.ആർ.190/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ബി.എഡ്. പ്രവേശനം 2020–2022 – ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 5 ന് ആരംഭിക്കും

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ ട്രെയിനിംഗ് കോളേജുകൾ, കേരള സർവകലാശാല ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ എന്നിവിടങ്ങളിലേക്ക് 2020–2022 വർഷത്തേക്കുള്ള ബി.എഡ് പ്രോഗ്രാമിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ **05.10.2020 വൈകുന്നേരം 05 മണിക്ക്** ആരംഭിക്കുന്നതാണ്. രജിസ്ട്രേഷനുള്ള വെബ്സൈറ്റ് (https://admissions.kerealauniversity.ac.in). പ്രോസ്പെക്ടസും മറ്റു വിശദാംശങ്ങളും ഈ വെബ്സൈറ്റിൽ ലഭ്യമാണ്.

### എം.എഡ്. പ്രവേശനം – വിജ്ഞാപനം പ്രസിദ്ധീകരിച്ചു

2020–21 വർഷത്തേക്കുള്ള എം.എഡ്.അഡ്മിഷനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പ്രസ്തുത വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ കോളേജുകളിൽ സമർപ്പിക്കുന്നത് സംബന്ധിച്ചും തുടർനടപടികളെക്കുറിച്ചുമുള്ള ഷെഡ്യൂൾ ലഭ്യമാക്കിയിട്ടുണ്ട്.

### പി.ജി /എം.ടെക് പ്രവേശന പരീക്ഷ ഹാൾട്ടിക്കറ്റ്

സർവകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളിലേക്കുള്ള പി.ജി /എം.ടെക് പ്രവേശന പരീക്ഷയുടെ ഹാൾട്ടിക്കറ്റ് www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും 2020 ഒക്ടോബർ 2 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) ഫെബ്രുവരി 2020 (സപ്ലിമെന്ററി) പരീക്ഷയുടെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ ഹൈഡ്രോളിക് മെഷീൻസ് ആന്റ് ഹീറ്റ് എൻജിൻസ് എന്ന പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ബാർട്ടൻഹില്ലിലും കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്രയിലും 2020 ഒക്ടോബർ 5 ന് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം (സി.എ.സി.ഇ.ഇ.) ഒക്ടോബർ 3 ന് നടത്താനിരുന്ന പി.ജി.ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ 5 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

അഞ്ചാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ലാബ്", "ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ലാബ്" എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം (CET), മാർ ബസേലിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (MBCET), നാലാഞ്ചിറ, തിരുവനന്തപുരം എന്നീ സെന്ററുകളിൽ വച്ച് 2020 ഒക്ടോബർ 7 നും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "പവർ ഇലക്ട്രോണിക്സ് ലാബ്", "മെഷർമെന്റ് ആന്റ് ഇൻസ്ട്രുമെന്റേഷൻ ലാബ്" എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം 2020 ഒക്ടോബർ 9, 7 എന്നീ തീയതികളിൽ ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം സെന്ററിൽ വച്ചും നടത്തുന്നതായിരിക്കും.

അഞ്ചാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) മെക്കാനിക്കൽ സ്ട്രീം – പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ലാബ്" വിഷയത്തിന്റെ പ്രാക്ടിക്കൽ പരീക്ഷ മാർ ബസേലിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (MBCET), നാലാഞ്ചിറ, തിരുവനന്തപുരം സെന്ററിൽ വച്ച് 2020 ഒക്ടോബർ 7ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പരീക്ഷയോടൊപ്പം നടത്തുവാനും ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ലാബ്", "ഡിജിറ്റൽ സിഗ്നൽ പ്രോസസിംഗ്" എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2020 ഒക്ടോബർ 6 മുതൽ 8 വരെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം സെന്ററിൽ വച്ച് നടത്തുവാനും തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ബി.ടെക്. 2013 സ്കീം ആറാം സെമസ്റ്റർ ഡിസംബർ 2019 മെക്കാനിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം – ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 5 മുതൽ തെരഞ്ഞെടുത്ത പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

രണ്ടാം സെമസ്റ്റർ (ത്രിവത്സരം), ആറാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. (2011 – 12 അഡ്മിഷന് മുൻപ്) – മേഴ്സിചാൻസ് ആന്റ് സപ്ലിമെന്ററി പരീക്ഷകൾ 2020 ഒക്ടോബർ 21 നും, നാലാം സെമസ്റ്റർ (ത്രിവത്സരം), എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. (2011 – 12 അഡ്മിഷന് മുൻപ്) മേഴ്സി ചാൻസ് ആന്റ് സപ്ലിമെന്ററി പരീക്ഷകൾ 2020 നവംബർ 3 ന് ആരംഭിക്കുന്നതാണ് വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

## കോവിഡ് ചികിത്സക്ക് ഔഷധസംയുക്തം നിർദേശിച്ച് കേരളസർവകലാശാല ഗവേഷകർ

എച്ച്.ഐ.വി.ചികിത്സക്ക് ഉപയോഗിച്ച് വന്നിരുന്ന രണ്ടു ഔഷധങ്ങളുടെ സംയുക്തം കോവിഡ് ചികിത്സക്ക് ഉപയോഗിക്കാമെന്ന നിർദേശവുമായി കേരളസർവകലാശാല ഗവേഷ

കർ. റിറ്റോനാവിർ (Ritonavir), അറ്റസനാവിർ (Atazanavir) എന്നീ ഔഷധങ്ങളുടെ സംയുക്തമാണ് കേരളസർവകലാശാല ബയോഇൻഫോർമാറ്റിക്സ് വകുപ്പിലെ ഗവേഷകർ നിർദേശിച്ചിരിക്കുന്നത്. Taylor & Francis പ്രസിദ്ധീകരിക്കുന്ന, നാല് പതിറ്റാണ്ടോളം പാരമ്പര്യമുള്ള Bio-Molecular Structure and Dynamics എന്ന ജേർണലിൽ ആണ് കണ്ടെത്തൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

റിറ്റോനാവിർ കൊറോണ വൈറസിന്റെ മെയിൻ പ്രോട്ടീയെസ് തന്മാത്രയെ പ്രവർത്തനക്ഷമമല്ലാതാക്കുന്നതിനൊപ്പം മനുഷ്യകോശത്തിൽ കൊറോണയുടെ പ്രവർത്തന പങ്കാളിയാകുന്ന TMPRSS2 എന്ന പ്രോട്ടീൻ തന്മാത്രയെക്കൂടി ബന്ധനത്തിൽ ആക്കുന്നു. അറ്റസനാവിർ ആകട്ടെ മനുഷ്യകോശത്തിൽ കൊറോണയുടെ പ്രവർത്തന പങ്കാളിയാകുന്ന CATHEPSIN-L എന്ന മറ്റൊരു പ്രോട്ടീൻ തന്മാത്രയെ ബന്ധനത്തിൽ ആക്കുന്നു. ഇത്തരത്തിൽ മൂന്ന് തന്മാത്രകളിൽ തടസം സൃഷ്ടിക്കുന്നതിനാൽ രോഗനിയന്ത്രണത്തിൽ ശക്തമായ ഫലം ഉണ്ടാകുമെന്നാണ് നിർദേശിക്കപ്പെടുന്നത്. ഗവേഷണ സംഘത്തിൽ ഡോ.അഭിനന്ദ് സി.എസ്., പ്രൊഫ.പി.ആർ.സുധാകരൻ, പ്രൊഫ.ഉമ്മൻ വി ഉമ്മൻ, പ്രൊഫ.അച്യുത്ശങ്കർ എന്നിവർക്കു പുറമെ, ചെന്നൈയിലെ Dassalt Systems എന്ന കമ്പനിയിലെ ശാസ്ത്രജ്ഞൻ ഡോ.ആനന്ദ് കൃഷ്ണമൂർത്തി കൂടി ഉൾപ്പെട്ടിരുന്നു.

ആന്റി–വൈറൽ ഔഷധങ്ങൾ മനുഷ്യരിൽ ഉപയോഗിച്ച് വരുന്നതിനാൽ ഔഷധ പരീക്ഷണത്തിന് നീണ്ട നടപടിക്രമങ്ങൾ ഡ്രഗ് റീപ്പർപ്പസിംഗ് എന്ന സമീപനത്തിൽ ഉള്ള ഔഷധ സംയുക്തത്തിനു ആവശ്യമില്ല. എന്നാൽ ഔഷധത്തിന്റെ ഡോസ് നിശ്ചയിക്കാൻ പരീക്ഷണവും ട്രയലും ആവശ്യം വന്നേക്കാം. തുടർ നടപടികൾക്കായി ഐ.സി.എം.ആർ. നെ സമീപിക്കാൻ ഗവേഷകർ സർവകലാശാലയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കേരളസർവകലാശാല ബയോ ഇൻഫോർമാറ്റിക്സ് വകുപ്പിലെ ഗവേഷകർ കഴിഞ്ഞ വർഷം ആരോഗ്യ പച്ച എന്ന ഔഷധച്ചെടിയുടെ ജീനോം സീക്വൻസ് ചെയ്തു അപഗ്രഥിച്ചു പ്രസിദ്ധീകരിച്ചിരുന്നു. കേരളസർക്കാരിന്റെ ഇൻർ യൂണിവേഴ്സിറ്റി സെന്ററായും കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർ–ഇൻഫോർമാറ്റിക്സ് ആന്റ് കമ്പ്യൂട്ടർ എയ്ഡഡ് ഡ്രഗ് ഡിസൈൻ ആയും അംഗീകാരമുള്ള വകുപ്പാണ് കേരളസർവകലാശാല ബയോ ഇൻഫോർമാറ്റിക്സ് വകുപ്പ്.

## പിഎച്.ഡി നൽകി

നിഷ എൻ.ഡി. (ഡെമോഗ്രഫി), സുനിൽ ബി. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), ശിൽപ നാരായണൻ, ശീതൾ ജി.എസ്., സുജിത പി.സി., ധന്യ പി. (സുവോളജി), റാണി എസ്. (ഫാർമസ്യൂട്ടിക്കൽ സയൻസസ്), ശ്രീരാഗി ആർ.ജി., സൗമ്യറാണി ജി.എൽ. (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), അർച്ചന വി.എസ്., ചിത്ര ആർ.വി., രാജി ആർ., അമ്പിളി പി.സി. (മലയാളം), കെ.വി.രഞ്ജിതാറാണി, ശാലു പി.ആർ., പ്രിയങ്ക ആർ. (ഹിന്ദി), രജിത ഒ (സംസകൃതം), അരുൺ രാജ് ജെ.ആർ. (ഫിസിക്കൽ എഡ്യൂക്കേഷൻ), അമല ആനി ജോൺ (എക്കണോമിക്സ്), റാണി ആർ. (തമിഴ്), ബിജോയ് എബ്രഹാം (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), കീർത്തി സുരേഷ് (ജിയോളജി), ശ്രീജ എസ് നായർ (ഇംഗ്ലീഷ്), കൃഷ്ണകുമാർ എൻ.എം. (ബയോടെക്നോളജി), ജെ.നിർമല ജയറാണി (ബോട്ടണി), പ്രീതി പി. (സിവിൽ എഞ്ചിനീയറിംഗ്), രഞ്ജിത് ബി.പി. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), സ്റ്റെല്ലാ ജോസ് (നഴ്സിംഗ്), കൃഷ്ണകുമാർ റ്റി.എസ്. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്) എന്നിവർക്ക് പി.എച്ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സ് (2018 സ്കീം – സപ്ലിമെന്ററി), (2015 സ്കീം – സപ്ലിമെന്ററി) എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഏപ്രിലിൽ നടത്തിയ പാർട്ട് മൂന്ന് ബി.കോം. ആന്വൽ സ്കീം (2006 അഡ്മിഷൻ) പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഒക്ടോബർ 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ ബി.ഡെസ്സ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 20. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**01.10.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**